# SREE NARAYANA GURU

## THE LIFE AND TEACHINGS



INTERNATIONAL CONFERENCE PROCEEDINGS


**Chief Editors**

Dr. M.. Ilangovan

Dr. E. K. Girisan

**Title: Proceedings of the International Conference on the Life and Teachings of Sree Narayana Guru (ICLTSNG-21)**


| | |
|---|---|
| Editors: | Dr M Ilangovan<br>Dr E K Girisan |
| Published by: | Sree Narayana Guru College<br>K G Chavadi,<br>Coimbatore -641 105 |
| Printed by: | T V SEKHARAN SONS CHARITABLE TRUST<br>Coimbatore |
| ISBN: | 978-93-5526-674-3 |
| Edition: | First |
| Month and Year: | October, 2021 |
| Copyright @ | SNGC |
| Pages: | 372 |
| Price: | Rs.500 |

| | | | |
|---|---|---|---|
| 49 | ക്ഷേത്രാരാധനാ രംഗത്ത് ശ്രീനാരായണഗുരു വരുത്തിയ വിപ്ലവകരമായ മാറ്റങ്ങൾ | ലത. കെ., അസി. പ്രൊഫസർ (മലയാളം), ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ. ഇമെയിൽ : lethasngc83@gmail.com | 329 |
| 50 | ശ്രീനാരായണഗുരു - നവോത്ഥാന നായകൻ | എം.എൻ. നന്ദിനി I M.S.W ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ. | 337 |
| 51 | ശ്രീനാരായണഗുരുവിന്റെ ആത്മീയ ചിന്തകൾ | ഡോ. എസ്.എസ്. രശ്മി., അസോ. പ്രൊഫസർ (ഹിന്ദി), ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ. ഇമെയിൽ : resmivijay6@gmail.com | 340 |
| 52 | The Guru And The Modern World | *Shri.Thalassery Sudhakar SNGST Charitable Trust Aluva* | 350 |

# ക്ഷേത്രാരാധനാ രംഗത്ത് ശ്രീനാരായണഗുരു വരുത്തിയ വിപ്ലവകരമായ മാറ്റങ്ങൾ

ലത. കെ., അസി. പ്രൊഫസർ (മലയാളം),

ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ.

ഇമെയിൽ : lethasngc83@gmail.com

## ഗുരുദേവ ജനനവും അന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയും

ലോകമംഗളത്തിനായി അവതരിച്ച ധന്യാത്മാവാണ് ശ്രീനാരായണഗുരു. ഗുരുദേവ ജനനം 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ്. അന്നത്തെ കേരളം തിരുവിതാംകൂർ, മലബാർ, കൊച്ചി എന്നീ പ്രദേശങ്ങൾ അടങ്ങിയതാണ്. ഹൈന്ദവർ ജാതിയും ഉപജാതിയുമായി വിഭജിക്കപ്പെടുകയും മേൽജാതിക്കാർ സവർണ്ണർ, കീഴ്ജാതിക്കാർ, അവർണ്ണർ എന്നും അറിയപ്പെട്ടു. രാജ്യഭരണകാര്യ ങ്ങളിലും ക്ഷേത്രകാര്യങ്ങളിലും മേൽജാതിക്കാർക്കാണ് അധികാരം. മേൽജാതി ക്കാരുടെ വഴികളിൽ അവരുടെ വരവും കണ്ട് മാറി നടക്കണം. മാത്രമല്ല, ക്ഷേത്രങ്ങളിൽ പ്രവേശനവും നിരോധിച്ചിരുന്നു. അവർ ദുർദേവതകളെ ആരാധിച്ചിരുന്നു. അവർണ്ണ സ്ത്രീകൾക്ക് വസ്ത്രധാരണത്തിനും കുട്ടികൾക്ക് വിദ്യാഭ്യാസത്തിനും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ശ്രീനാരായണഗുരുവിന്റെ പ്രധാന ക്ഷേത്രപ്രതിഷ്ഠകളിൽ ചിലത് താഴെ വിവരിക്കുന്നു.

## അരുവിപ്പുറം പ്രതിഷ്ഠ

ജാതീയമായ ഉച്ചനീചത്വങ്ങൾ കൊടികുത്തിയ അന്നത്തെ കാലത്ത് അവർണ്ണർക്ക് ഗണപതി, ശിവൻ, സുബ്രഹ്മണ്യൻ, ശാരദാദേവി തുടങ്ങിയ സാത്വിക ദൈവങ്ങളെ ആരാധിക്കാൻ സ്വാതന്ത്ര്യമില്ലായിരുന്നു. മനുഷ്യരായി ജനിച്ചിട്ടും മൃഗതുല്യരായി സ്വാതന്ത്ര്യമില്ലാതെ അപരിഷ്കൃതരായി ജീവിക്കുന്ന അവർക്ക് ജാതി, മതം, ദൈവം - ഇവയുടെ പൊരുൾ അജ്ഞാതമായിരുന്നു.

1888ലെ മഹാശിവരാത്രി നാളിൽ ഗുരുവിന്റെ അനുഗ്രഹം നേടാനായി നാടിന്റെ പല ഭാഗത്തു നിന്നും ഭക്തജനങ്ങൾ അരുവിപ്പുറത്ത് എത്തി. ഭക്തർ 'ഓം നമഃശിവായ' മന്ത്രത്തോടെ ഭജനം പാർത്തിരുന്നു. നേരം അർദ്ധരാത്രിയായി. ശാന്തഗംഭീരനായ ഗുരു നെയ്യാറിന്റെ വളരെ ആഴത്തിലുള്ള ശങ്കരൻകുഴി ഭാഗത്തേയ്ക്ക് മുങ്ങി. സാധാരണയിൽക്കവിഞ്ഞ നേരമായിട്ടും ഉയർന്നു വരാതിരുന്ന ഗുരുദേവനെ കാത്ത് ഉത്കണ്ഠയോടെ ഭക്തർ വീർപ്പുമുട്ടി നിൽക്കുമ്പോൾ ശിവലിംഗാകൃതിയിലുള്ള ഒരു ശിലാഖണ്ഡവുമായി ഉയർന്നു വരികയും ഏതാണ്ട് മൂന്ന് മണിക്കൂറോളം പാറയിൽ ധ്യാനനിരതനായ ശേഷം ഭക്തിസാന്ദ്രമായ ആ അന്തരീക്ഷത്തിൽ പാറയെ പീഠമാക്കി അത് ശിവലിംഗമായി സങ്കൽപ്പിച്ച് പ്രതിഷ്ഠിച്ചു. തന്ത്രശാസ്ത്രപരമായ വിധികളനുസരിച്ചല്ല ഈ പ്രതിഷ്ഠ. സവർണ്ണർ നൂറ്റാണ്ടുകളായി കുത്തകയായി വെച്ചിരുന്ന ദൈവത്തെ 'സ്വതന്ത്രമാക്കിയ' ദാർശനിക-സാമൂഹിക-മാനവിക നവോത്ഥാനത്തിന്റെ പ്രതിഷ്ഠയാണ് അരുവിപ്പുറം പ്രതിഷ്ഠ. ഈ ശിവപ്രതിഷ്ഠ ബ്രാഹ്മണപുരോഹി തൻമാരെ പ്രകോപിപ്പിക്കുകയും അവർ ഇത് ചോദ്യം ചെയ്യുകയും ഉണ്ടായി. 'നാം ഈഴവ ശിവനെയാണ് പ്രതിഷ്ഠിച്ചത്' എന്ന ഗുരുദേവ മറുപടി പൗരോഹിത്യ ത്തിനും ജാത്യാഹന്തയ്ക്കും ഏറ്റ പ്രഹരമായിരുന്നു.

പ്രതിഷ്ഠാനന്തരം ഗുരുദേവൻ നൽകിയ മഹാസന്ദേശം ക്ഷേത്രഭിത്തിയിൽ ഇങ്ങനെ ആലേഖനം ചെയ്തിട്ടുണ്ട്.

> "ജാതിഭേദം മതദ്വേഷം
> ഏതുമില്ലാതെ സർവ്വരും
> സോദരത്വേന വാഴുന്ന
> മാതൃകാസ്ഥാനമാമിത്"

സർവ്വ മനുഷ്യരും ഏകോദരസഹോദരൻമാരെപ്പോലെ ജീവിതം നയിക്കുന്ന ഒരു മാതൃകാലോകത്തിന്റെ സംസ്ഥാപനമാണ് അരുവിപ്പുറം സന്ദേശം വിഭാവനം ചെയ്യുന്നത്.

## മണ്ണന്തല ദേവീപ്രതിഷ്ഠ

1889ൽ തിരുവനന്തപുരത്ത് മണ്ണന്തല എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഭദ്രകാളി ക്ഷേത്രത്തിൽ പതിറ്റാണ്ടുകളായി ജന്തുബലിയും മദ്യമാംസാദികൾ നിവേദ്യങ്ങളായും സമർപ്പിക്കപ്പെട്ടിരുന്നു. അരുവിപ്പുറം പ്രതിഷ്ഠയാൽ ജനങ്ങളുടെ ആരാധ്യനായ ഗുരുദേവൻ ക്ഷേത്രഭാരവാഹികൾ ക്ഷണിച്ചപ്പോൾ അദ്ദേഹം ഭദ്രകാളിയുടെ സ്ഥാനത്ത് സാത്വിക ഭാവദേവിയെ പ്രതിഷ്ഠിച്ചു. ഇതിന്റെ മുഹൂർത്തത്തെപ്പറ്റി ഗുരുവിനോട് ചോദിച്ച പണ്ഡിതനോട് "കുട്ടി ജനിച്ച ശേഷമാണ് ജാതകം നോക്കുക. മുഹൂർത്തം നോക്കി ജനിക്കാറില്ലല്ലോ. പ്രതിഷ്ഠ കഴിഞ്ഞു. ഇനി മുഹൂർത്തം നോക്കാം" എന്ന് മറുപടി പറഞ്ഞു. പൊരുൾ ഗ്രഹിച്ച പണ്ഡിതൻ ഗുരുദേവനെ വണങ്ങിക്കൊണ്ട് 'ഭൂലോകബൃഹസ്പതി' എന്ന് സ്തുതിച്ചു. ഗുരു ദേവിയെ ഉപാസിക്കാൻ 'മണ്ണന്തല ദേവീസ്തവം' രചിക്കുകയുണ്ടായി.

## ശ്രീനാരായണ വല്ലഭക്ഷേത്രം

1893ൽ കൊച്ചിയിൽ തെക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന പൂത്തോട്ടയിൽ ഗുരുദേവൻ ശിവനും സുബ്രഹ്മണ്യനും പ്രതിഷ്ഠിക്കുകയുണ്ടായി. വൈക്കം താലൂക്കിലും കൊച്ചിയിലും ഉള്ള പിന്നോക്കവിഭാഗക്കാർക്ക് ഇത് ഗുണം ചെയ്തു. പിന്നീടുണ്ടായ വൈക്കം സത്യാഗ്രഹത്തിന് ഊർജ്ജം പകർന്നത് ഇവിടെ നിന്നാണ്.

## കോലത്തുകര ക്ഷേത്രം

1893ൽ തിരുവനന്തപുരം കുളത്തൂരിലുള്ള അതിപുരാതനമായ കോലത്തുകര ക്ഷേത്രത്തിൽ ഗുരുദേവൻ ജന്തുബലി, തൂക്കം, തുള്ളൽ, പാട്ട് തുടങ്ങിയ ആചാരങ്ങൾ നിറുത്തലാക്കി. മാത്രമല്ല, അവിടെയുള്ള ഭദ്രകാളി പ്രതിഷ്ഠ ഇളക്കി മാറ്റി ചുറ്റമ്പലത്തിന്റെ വടക്ക് ഇരുത്തുകയും ശിവനെ പ്രധാന പ്രതിഷ്ഠയാ ക്കുകയും ചെയ്തു. ശിവഭഗവാന്റെ മഹത്വത്തെ സ്തുതിക്കുന്ന 'കോലതീരേ ശസ്തവം' രചിച്ചു.

### കുന്നുംപാറ സുബ്രഹ്മണ്യക്ഷേത്രം

ഗുരുദേവപ്രതിഷ്ഠകളിൽ അതിധന്യമായ ഒന്നാണ് തിരുവനന്തപുരം മുട്ടയ്ക്കാട് കുന്നുംപാറയിലെ സുബ്രഹ്മണ്യക്ഷേത്രം. നീചാചാരങ്ങളാൽ ദുർദേവതകളെ പ്രീതിപ്പെടുത്തിയ ആ പ്രദേശത്തുകാരുടെ അന്ധതയും ദുരിതങ്ങളും ഇല്ലാതെയാക്കാൻ 1896ൽ ഇവിടുത്തെ ഉയർന്ന പാറയുടെ ശിരസ്ഥാനത്ത് സുബ്രഹ്മണ്യ ഭഗവാനെ പ്രതിഷ്ഠിച്ചു. ഗുരുദേവൻ തന്റെ ഉപാസനാമൂർത്തിയായ സുബ്രഹ്മണ്യനെ സ്തുതിച്ചു കൊണ്ട് 'സുബ്രഹ്മണ്യ കീർത്തനം' എഴുതുകയുണ്ടായി.

### തലശ്ശേരി ജഗന്നാഥക്ഷേത്രം

ബ്രിട്ടീഷ് മലബാറിൽ താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രാരാധനയ്ക്ക് സ്വാതന്ത്ര്യമില്ലായിരുന്നു. എസ്.എൻ.ഡി.പി. പ്രവർത്തനങ്ങൾ മലബാറിൽ ഇല്ലാത്തതും ഗുരുദേവൻ അവിടം സന്ദർശനം നടത്താത്തതും മാധ്യമങ്ങളുടെ കുറവും ഇതിനു കാരണങ്ങളാണ്. 1906ൽ ഈ ക്ഷേത്രനിർമ്മിതി തുടങ്ങിയെങ്കിലും പണക്കുറവാൽ പണികൾ തടസ്സപ്പെട്ടു. ക്ഷേത്രഭാരവാഹികൾ ഗുരുവിനോട് സങ്കടം ഉണർത്തിച്ചപ്പോൾ 'ക്ഷേത്രം ക്ഷേത്രത്തെ ഉണ്ടാക്കിക്കൊള്ളും' എന്ന മറുപടിയാണ് അദ്ദേഹം നൽകിയത്. തുടർന്ന് ഭണ്ഡാരത്തിലുടെ ഉള്ള ധനസംഭാവനകൾ കൊണ്ട് പണി പൂർത്തിയാവുകയും 1908ൽ ശിവനെയും ഗണപതിയെയും സുബ്രഹ്മണ്യനെയും പ്രതിഷ്ഠിച്ചു. പുരിയിലെ ചരിത്ര പ്രസിദ്ധമായ ജഗന്നാഥക്ഷേത്രം വിഷ്ണുക്ഷേത്രമാണെങ്കിൽ തലശ്ശേരിയിലേത് മഹാശിവക്ഷേത്രമാണ്. ഇവിടെ ഇളനീരഭിഷേകം ചെയ്യുമ്പോൾ മഴ പെയ്യുക പതിവാണ്.

### പിള്ളയാർക്കോവിൽ

തമിഴ്നാട്ടിലെ നാഗർകോവിലിനടുത്തുള്ള കോട്ടാറിൽ സമൂഹത്തിന്റെ താഴേത്തട്ടിലെ ജനങ്ങൾ ദുർദേവതകളെ ആരാധിക്കുകയും പ്രീതിപ്പെടുത്താനായി മദ്യം, ജന്തുബലി, തെറിപ്പാട്ട് തുടങ്ങിയ അപരിഷ്കൃത

ആചാരങ്ങൾ നടത്തിയിരുന്നത് ഗുരുദേവൻ നിർത്തലാക്കി. ദുർദേവതകളെ പിഴുതെടുത്ത് കടലിൽ താഴ്ത്തി. 1908ൽ അവിടെ ഗണപതിയുടെ കരിങ്കൽ വിഗ്രഹം പ്രതിഷ്ഠിച്ചു ആ ക്ഷേത്രം 'പിള്ളയാർക്കോവിൽ' എന്നറിയപ്പെട്ടു. ഈ ഗണപതിയെ സ്തുതിക്കാനായി 'വിനായകാഷ്ടകം' ഗുരു രചിച്ചു.

## ചെറായി ക്ഷേത്രം

കൊച്ചിയിലെ പള്ളിപ്പുറത്തിനടുത്ത് ചെറായി എന്ന പ്രദേശത്തെ ശ്രീഗൗരീശ്വര ക്ഷേത്രത്തിൽ 1912ൽ ഗുരു സുബ്രഹ്മണ്യ പ്രതിഷ്ഠ നടത്തി. തുടർന്ന് ചെറായി വിജ്ഞാനവർദ്ധിനി സഭയുടെ മംഗളപത്രത്തിനുള്ള മറുപടിയിൽ വിദ്യാഭ്യാസം കൊണ്ട് മാത്രമേ സമൂഹത്തിന് പുരോഗതി കൈവരികയുള്ളൂ എന്നും ഗുരുദേവൻ രേഖപ്പെടുത്തുകയുണ്ടായി.

## ശാരദാമഠം

1912ൽ ശിവഗിരിയിലെ ശാരദാമഠത്തിൽ ശാരദാദേവീ വിഗ്രഹപ്രതിഷ്ഠ ഗുരുദേവൻ നിർവ്വഹിച്ചു. ഗുരുദേവന്റെ ഒരുപാട് നാളത്തെ ആലോചനയ്ക്കു ശേഷമാണ് ഈ ക്ഷേത്രം നിർമ്മിച്ചത്. ഇത് ഒരു രൂപാവീതം ജനങ്ങളിൽ നിന്നും സ്വീകരിച്ച് അവരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് അഷ്ടകോൺ ആകൃതിയിലാണ് പണിതത്. ദേവിയുടെ ചതുർഭുജങ്ങളിൽ പുസ്തകം - വിദ്യയേയും പക്ഷി-സർവ്വ അഭീഷ്ടങ്ങളേയും കലശം സർവ്വ ഐശ്വര്യത്തേയും സൂചിപ്പിക്കുന്നു. മറ്റൊരു കൈയിൽ ചിന്മുദ്ര മോക്ഷത്തെയും കുറിക്കുന്നു. ദേവിയുടെ സ്വരൂപത്തെ വാഴ്ത്തിക്കൊണ്ട് 'ജനനീനവരത്നമഞ്ജരി' എന്ന സ്തോത്രകൃതി വിരചിതമായി.

## ഗോകർണ്ണനാഥക്ഷേത്രം

കർണ്ണാടകത്തിലെ പിന്നോക്ക സമുദായക്കാർക്കായി ഗുരുദേവൻ മംഗലാപുരത്തെ കുദ്രോളിയിൽ 1912ന് ശിവപ്രതിഷ്ഠ നടത്തി. ഈ ക്ഷേത്രം ഗോകർണ്ണനാഥക്ഷേത്രം എന്നറിയപ്പെട്ടു. ഗുരുദേവദർശനങ്ങൾ അയൽസംസ്ഥാനങ്ങളെയും സ്വാധീനിച്ചിരുന്നു എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

### ശ്രീഭവാനീശ്വരക്ഷേത്രം

1915ൽ ഗുരുദേവൻ കൊച്ചിയിലെ പള്ളുരുത്തി എന്ന സ്ഥലത്ത് നടത്തിയ പ്രതിഷ്ഠ ശ്രീഭവാനീശ്വരക്ഷേത്രം എന്ന പേരിൽ അറിയപ്പെട്ടു. മിശ്രഭോജനം, മിശ്രവിവാഹം, വിദ്യാഭ്യാസം എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന ഒരു യോഗം ഇതിനോട് അനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ടു.

### ശ്രീമാഹേശ്വരക്ഷേത്രം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ എന്ന തൃശ്ശിവപേരൂരിൽ വടക്കുംനാഥക്ഷേത്രം, പാറമേക്കാവ് ക്ഷേത്രം, ഗുരുവായൂർ ക്ഷേത്രം എന്നിവ ഉണ്ടായിട്ടും താഴ്ന്ന ജാതിക്കാർക്ക് ഇവയിൽ പ്രവേശനമില്ലാത്തതിനാൽ ഗുരുദേവൻ കൂർക്കഞ്ചേരിയിൽ 1916ൽ ശിവലിംഗ പ്രതിഷ്ഠ നടത്തി.

### ദീപപ്രതിഷ്ഠ

1921ൽ തൃശ്ശൂരിലെ കാരമുക്ക് എന്ന സ്ഥലത്തെ ശ്രീ ചിദംബര ക്ഷേത്രത്തിൽ ഗുരുദേവൻ വിഗ്രഹത്തിനു പകരമായി മൂന്ന് കവരങ്ങളുള്ള ഒരു വിളക്ക് സ്ഥാപിച്ച് അതിൽ നെയ്യൊഴിച്ച് ദീപം കൊളുത്തി വെച്ചു. ദീപം എന്നാൽ പ്രകാശം. പ്രകാശം ഇരുട്ടിനെ ഇല്ലാതാക്കുന്നു. ഇരുട്ട് നമ്മിലെ അജ്ഞാനമാണ്. അജ്ഞാനം ശാശ്വതമായ സത്യത്തെ മറച്ചുവെച്ചിരിക്കുന്നു.

### ഓങ്കാരപ്രതിഷ്ഠ

1921ൽ തിരുവനന്തപുരം ജില്ലയിലെ മുരുക്കുംപുഴ കാളകണ്ഠേശ്വര ക്ഷേത്രത്തിൽ ഗുരു പ്രതിഷ്ഠിച്ചത് 'ഓം' എന്ന് ആലേഖനം ചെയ്ത ഒരു പ്രഭയായിരുന്നു. ഇതിനു ചുറ്റും സത്യം, ധർമ്മം, ദയ, ശാന്തി എന്ന് ആലേഖനം ചെയ്തിരുന്നു. ഈ മൂല്യങ്ങൾ പാലിച്ചും സംരക്ഷിച്ചും ജീവിച്ചാൽ സംസാരദുഃഖങ്ങളിൽ നിന്നും മോചനം നേടാനും അതുവഴി മോക്ഷപ്രാപ്തിയും മനുഷ്യന് സാധ്യമാണ്.

### കണ്ണാടി പ്രതിഷ്ഠ

1927ൽ ചേർത്തല കരപ്പുറം ദേശത്തെ കളവങ്കോടം ക്ഷേത്രത്തിലാണ് ചരിത്രത്തിൽ തന്നെ കേട്ടുകേൾവി പോലുമില്ലാത്ത 'ഓം ശാന്തി' എന്ന് ആലേഖനം ചെയ്യപ്പെട്ട കണ്ണാടി പ്രതിഷ്ഠ ഗുരുദേവൻ നടത്തിയത്. തുടർന്ന് ഒരു അർദ്ധനാരീശ്വര വിഗ്രഹവും കണ്ണാടിക്കു മുന്നിൽ പ്രതിഷ്ഠിച്ചു. 'നാം അറിവാകുന്നു' എന്ന സന്ദേശമാണ് കണ്ണാടി പ്രതിഷ്ഠ നൽകുന്നത്. ആത്മസാക്ഷാത്കാരം അഥവാ മോക്ഷപ്രാപ്തി എന്ന ജീവിതത്തിന്റെ പരമമായ അവസ്ഥയെ ഓർമ്മിപ്പിക്കുകയാണ് കണ്ണാടി പ്രതിഷ്ഠയിലൂടെ അർത്ഥമാക്കുന്നത്.

### ഉല്ലല ഓങ്കാരേശ്വര ക്ഷേത്രം

1921ൽ വൈക്കം താലൂക്കിലെ ഉല്ലലയിൽ ഗുരുദേവൻ 'ഓം' എന്ന് ആലേഖനം ചെയ്ത കണ്ണാടിയാണ് പ്രതിഷ്ഠിച്ചത്. വിഗ്രഹാരാധനയുടെ തലങ്ങളിൽ നിന്നും ജനങ്ങളെ ജ്ഞാനോപാസനയുടെ മാർഗ്ഗത്തിലേക്ക് ഉയർത്തിക്കൊണ്ടു വരുക എന്നതാണ് ഈ പ്രതിഷ്ഠയുടെ ലക്ഷ്യം. സർവ്വ മന്ത്രങ്ങൾക്കും മന്ത്രമായ 'ഓങ്കാര' ഉപാസനയിലൂടെ മോക്ഷം പ്രാപിക്കുക എന്നതാണ് ഗുരുദേവൻ വെളിപ്പെടുത്തുന്ന പൊരുൾ.

### ശ്രീനാരായണഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠയുടെ ഉദ്ദേശങ്ങൾ

അരുവിപ്പുറം പ്രതിഷ്ഠയോടെ അവർണ്ണർക്കിടയിൽ പുതിയൊരു ഉണർവ്വും പ്രത്യാശയും ഉണ്ടായി. അവർണ്ണർ ദുർദേവതാ പ്രീതിക്കായി ആചരിച്ചിരുന്ന ജന്തുബലി ഗുരുദേവൻ നിർത്തലാക്കി. ഹീന ആചാരങ്ങളിൽ നിന്ന് പതുക്കെ പതുക്കെ ജനങ്ങളെ ഉത്തമാചാരങ്ങളിലേക്ക് ഉയർത്തിയെടുത്തു. സാത്വിക ദൈവങ്ങളായ ഗണപതി, ശിവൻ, മുരുകൻ, ദേവി എന്നിവരെ പ്രതിഷ്ഠിച്ചു. ചില ക്ഷേത്രങ്ങളിൽ നിന്നും ദുർമൂർത്തികളെ എടുത്തു മാറ്റി. കൂടാതെ അവർണ്ണർക്ക് ആരാധനാസ്വാതന്ത്ര്യം നൽകി.

വിഗ്രഹാരാധനയിൽ നിന്നും ബ്രഹ്മോപാസനയിലേക്ക് ജനങ്ങളെ കൊണ്ടു വരുക, വൈദിക കർമ്മങ്ങൾ ബ്രാഹ്മണർക്കു മാത്രമല്ല എന്ന് സ്ഥാപിക്കുക, ക്ഷേത്രങ്ങളിൽ ഭക്തർക്ക് വന്നിരിക്കാനും പ്രഭാഷണങ്ങൾ കേൾക്കാനും സൗകര്യം ഉണ്ടാവണം. ജനങ്ങളിൽ നിന്ന് വഴിപാടായി കിട്ടുന്ന ധനം സാധുജനങ്ങൾക്കായി ഉപയോഗിക്കണം. ക്ഷേത്രങ്ങളിൽ ഉത്സവത്തിനും കരിമരുന്നിനും പണം ചെലവാക്കരുത്. അമ്പലത്തിനോട് ചേർന്ന് കുളങ്ങൾക്ക് പകരം കുളിമുറികൾ നിർമ്മിക്കണം. ക്ഷേത്രപരിസരത്ത് പൂന്തോട്ടം ഉണ്ടാക്കിയാൽ ഭക്തരുടെ മനസ്സിലും നല്ല വിചാരങ്ങൾ സൃഷ്ടിക്കാം. കൂടാതെ ശുദ്ധവായുവും ശ്വസിക്കാം. ക്ഷേത്രങ്ങളേക്കാൾ വ്യാവസായിക പരിശീലനം കൊടുക്കാനുതകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് ഗുരുദേവൻ പ്രാധാന്യം കൽപ്പിച്ചത്. തലമുറകൾക്ക് കൈമാറുന്ന ഗുരുദേവ സന്ദേശവും മറ്റൊന്നല്ല-"വിദ്യ കൊണ്ട് പ്രബുദ്ധരാകണം".

## സഹായക ഗ്രന്ഥങ്ങൾ


1. ശ്രീനാരായണഗുരു അറിയേണ്ടതെല്ലാം - മാങ്ങാട് ബാലചന്ദ്രൻ, ശിവഗിരിമഠം പബ്ലിക്കേഷൻസ്, 2011.
2. ശ്രീനാരായണചിന്തകൾ - സി.ആർ. കേശവൻ വൈദ്യർ, പ്രസാധനം : ഡി.സി. ബുക്സ്, കോട്ടയം, 1972.
3. ശ്രീനാരായണഗുരുസ്വാമികളുടെ ജീവചരിത്രം - മൂർക്കോത്ത് കുമാരൻ, പ്രസാധനം : ശിവഗിരിമഠം, 1998.
4. നവീകരണവും പാരമ്പര്യങ്ങളുടെ പരിരക്ഷണവും ശ്രീനാരായണഗുരു ദർശനങ്ങളിൽ - ഡോ. ഗീവറുഗീസ് മാർ തിയഡോഷ്യസ്, പ്രസാധനം : ഡി.സി. ബുക്സ്, കോട്ടയം, 1994.
5. ശ്രീനാരായണഗുരു - വിശ്വമാനവികതയുടെ പ്രവർത്തകൻ - പി.കെ. ഗോപാലകൃഷ്ണൻ, പ്രഭാത് ബുക്ക് ഹൗസ്, 1992.